LIBRARY ARCHIVES Kerala Legislative Assembly

ടൂറിസ്റ്റുകൾക്ക് ആവശ്യമായ താമസസൗകര്യം

4 [3591] ശ്രീ. യു. സി. രാമൻ:
,, സി. ടി. അഹമ്മദ് അലി:
,, കെ. എൻ. എ. ഖാദർ:
,, പി. കെ. കെ. ബാവ:
,, കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സന്ദർശിക്കുന്ന വിദേശിയരും അല്ലാത്തവരുമായ ടൂറിസ്റ്റുകൾക്ക് ആവശ്യമായ താമസസൗകര്യം ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉണ്ടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് താമസസൗകര്യം ഏർപ്പെടുത്തുന്നത് എന്നറിയിക്കാമോ;

(സി) ഇത് സംബന്ധിച്ച് ടൂറിസ്റ്റുകളുടെ വരവും എണ്ണവും കണക്കിലെടുത്തിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാനമായും സ്വകാര്യമേഖലയിലുള്ള ഹോട്ടലുകളിലും റിസോർട്ടുകളിലുമാണ് ടൂറിസ്റ്റുകൾക്ക് ആവശ്യമായ താമസസൗകര്യം നൽകിയിട്ടുള്ളത്. കൂടാതെ കെ.റ്റി.ഡി.സി.-യും ഉയർന്ന നിലവാരമുള്ള ഹോട്ടലുകൾ നടത്തിവരുന്നു. ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഗസ്റ്റ് ഹൗസുകളിലും, യാത്രീനിവാസുകളിലും ടൂറിസ്റ്റുകൾ താമസിക്കാറുണ്ട്.

(സി) ഉണ്ട്.

ടൂറിസം വികസനത്തിനാവശ്യമായ റോഡുകൾ

5 [3592] ശ്രീ. എ. എൻ. രാജൻ ബാബു:
,, കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റിന്റെ ഭാഗമായി എത്ര റോഡുകൾ സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള ലിസ്റ്റ് നൽകുമോ;

(സി) ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റിന്റെ ഭാഗമായി സഞ്ചാരയോഗ്യമാക്കാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ പേരുകൾ അറിയിക്കാമോ?

ഉത്തരം

(എ) ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റിന്റെ ഭാഗമായി പണി പൂർത്തീകരിച്ചതും പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമായ 29 റോഡുകൾ ഉണ്ട്.

(ബി) അനുബന്ധം 1-ൽ കൊടുത്തിട്ടുണ്ട്.†

(സി) കേരളത്തിലെ ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്ക് ധാരാളം റോഡുകൾ ഈ വകുപ്പിന്റെ സഹായത്തോടെ വികസിപ്പിക്കുന്നുണ്ട്. പ്രസ്തുത സ്ഥലങ്ങളിലേയ്ക്കുള്ള റോഡുകളുടെ ആവശ്യകതയെക്കുറിച്ച് ഈ വകുപ്പ് വിശദാംശങ്ങൾ ശേഖരിച്ച് മുൻഗണനാക്രമത്തിൽ വികസിപ്പിക്കുന്നതാണ്. ആയതിനാൽ സഞ്ചാരയോഗ്യമാക്കാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ പേരുകൾ ലഭ്യമല്ല.

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് റോഡുകൾ

6 [3593] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം വികസനത്തിനുള്ള ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റിന്റെ ഭാഗമായി കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ എത്ര റോഡുകളുടെ പണി ആരംഭിച്ചിട്ടുണ്ട്;

(ബി) റോഡുകളുടെ വികസനം സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും നിവേദനം സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നാളിതുവരെ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വെന്ന് വ്യക്തമാക്കുമോ;

(ഡി) നടപടികൾ ഒന്നും ഉണ്ടായിട്ടില്ല എങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയോജകമണ്ഡലാടിസ്ഥാനത്തിൽ റോഡുകളുടെ നവീകരണം ടൂറിസം വകുപ്പ് നടത്താറില്ല. കൊല്ലം ജില്ലയിൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന താഴെപ്പറയുന്ന 3 റോഡുകളുടെ നവീകരണത്തിനായി ടൂറിസം വകുപ്പ് തുക അനുവദിച്ചിട്ടുണ്ട്.

1. കരുനാഗപ്പള്ളി-ആലുംകടവ്-വള്ളിക്കുന്നം റോഡ് .. ₹ 30,45,000
2. ശ്രീവർദ്ധനം മാർക്കറ്റ്-കാട്ടിൽകടവ് റോഡ് .. ₹ 33,80,000
3. വവ്വാക്കാവ്-വള്ളിക്കാവ് റോഡ് .. ₹ 30,53,400

(ബി) ടൂറിസം വകുപ്പിന് ഇത് സംബന്ധിച്ച നിവേദനം ലഭിച്ചിട്ടില്ല.

(സി ആന്റ് ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly